


# പ്രാരംഭ പ്രാർത്ഥന

അളവില്ലാത്ത സകല നന്മസ്വരൂപിയായ സർവ്വേശ്വരാ കർത്താവേ, നീചരും നന്ദി ഹീനരും പാപികളുമായ അടിയങ്ങൾ അറുതിയില്ലാത്ത മഹിമപ്രതാപത്തോടുകൂടിയ നിന്റെ സന്നിധിയിൽ പ്രാർത്ഥിക്കുവാൻ അയോഗ്യരാകുന്നു. എങ്കിലും നിന്റെ അളവില്ലാത്ത ദയയിൽ
ശരണപ്പെട്ട്, പരിശുദ്ധ ദൈവമാതാവിന്റെ സ്തുതിക്കായി ഈ പ്രാർത്ഥന ചൊല്ലുവാൻ ആഗ്രഹിക്കുന്നു. ഇതു ഭക്തിയോടെ ചൊല്ലി, അന്യചിന്തകൾ കൂടാതെ നിറവേറ്റുവാൻ, കർത്താവെ, സഹായം ചെയ്യണമേ,

# അപ്പൊസ്തോലന്മാരുടെ വിശ്വാസ പ്രമാണം

ആകാശവും ഭൂമിയും സൃഷ്ടിച്ച സർവ്വശക്തിയുള്ള പിതാവായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. തന്റെ ഏക പുത്രനായ ഞങ്ങളുടെ കർത്താവീശോ മിശിഹായിലും ഞാൻ വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി, കന്യക മറിയാമിൽനിന്ന് ജനിച്ച്, പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ, കഷ്ടതയനുഭവിച്ച്, ക്രൂശിക്കപ്പെട്ടു, മരിച്ച്, അടക്കപ്പെട്ട്, പാതാളത്തിൽ ഇറങ്ങി, മരിച്ചവരുടെ ഇടയിൽനിന്ന്, മൂന്നാംനാൾ ഉയർത്തു, സ്വർഗ്ഗത്തിൽ കരേറി സർവ്വശക്തനായ പിതാവിന്റെ വലത്തുഭാഗത്തു ഇരിക്കുന്നുവെന്നും അവിടെനിന്നു ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കുവാൻ വീണ്ടും വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും വിശുദ്ധ കത്തോലിക്കാ സഭയിലും പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിനും മരിച്ചവരുടെ ഉത്ഥാനത്തിലും നിത്യായുസ്സിലും ഞാൻ വിശ്വസിക്കുന്നു ആമ്മീൻ. 1 സ്വ

പിതാവായ ദൈവത്തിന്റെ പുത്രിയായ പരിശുദ്ധ ദൈവമാതാവേ, ഞങ്ങളിൽ ദൈവവിശ്വാസമെന്ന പുണ്യം ഫലവത്തായിത്തീരുവാൻ നിന്റെ തിരുക്കുമാരനോട് അപേക്ഷിക്കണമേ.

1 കൃപ

പുത്രനായ ദൈവത്തിന്റെ മാതാവായ പരിശുദ്ധ ദൈവമാതാവേ, ഞങ്ങളിൽ ദൈവസ്നേഹമെന്ന പുണ്യം വർദ്ധിക്കുവാൻ നിന്റെ തിരുക്കുമാരനോട് അപേക്ഷിക്കേണമേ.

1 കൃപ

പരിശുദ്ധാത്മാവായ ദൈവത്തിന് എത്രയും പ്രിയമുള്ളവളായ പരിശുദ്ധ ദൈവമാതാവേ, ഞങ്ങളിൽ ദൈവശരണമെന്ന പുണ്യം പ്രബലപ്പെട്ടുവരുവാൻ നിന്റെ തിരുക്കുമാരനോട് അപേക്ഷിക്കേണമേ.

1 സ്വ. 1 കൃപ. 1 ത്രി.

I

# സന്തോഷകരമായ ദിവ്യരഹസ്യങ്ങൾ

**(തിങ്കൾ, ശനി എന്നീ ദിവസങ്ങളിലും ആഗമനകാലം**
**(25 നോമ്പു തുടങ്ങുന്ന ആഴ്ചയുടെ ആരംഭം) മുതൽ**
**50 നോമ്പുവരെയുള്ള ഞായറാഴ്ചകളിലും ചൊല്ലേണ്ടവ**

(തിങ്കൾ, ശനി)

# ഒന്നാം ദിവ്യരഹസ്യം

## മംഗളവാർത്ത

പരിശുദ്ധ കന്യകമറിയമേ, ദൈവപുത്രൻ നിന്റെ തിരുവുദരത്തിൽ മനുഷ്യാവതാരം ചെയ്യുമെന്ന് ഗബ്രിയേൽ മാലാഖാ ദൈവകല്പനയാൽ നിന്നെ അറിയിച്ചപ്പോൾ നിനക്കുണ്ടായ സന്തോഷത്തെ ഓർത്ത് ധ്യാനിക്കുന്ന നിന്റെ മക്കളായ ഞങ്ങളുടെ ഹൃദയത്തിൽ, വരപ്രസാദം വഴിയായി ദൈവപുത്രൻ എപ്പോഴും വസിക്കുന്നതിന് ഇടവരുത്തണമേ.

1 സ്വ. 1 കൃപ. 1 ത്രി

# രണ്ടാം ദിവ്യരഹസ്യം

## മറിയം എലിസബത്തിനെ സന്ദർശിക്കുന്നു

പരിശുദ്ധ ദൈവമാതാവേ, നിന്റെ ഇളയമ്മയായ ഏലിശുബാ പുണ്യവതിയെ നീ സന്ദർശിച്ചപ്പോൾ ആ പുണ്യവതിക്ക് സർവേശ്വരൻ ചെയ്ത കരുണയെക്കണ്ട് നിനക്കുണ്ടായ അത്യന്തസന്തോഷത്തെ ഓർത്ത് ധ്യാനിക്കുന്ന ഞങ്ങൾക്ക് ലൗകീകസന്തോഷങ്ങളെ ത്യജിച്ച് പരലോകസന്തോഷത്തെ ആഗ്രഹിച്ച് അന്വേഷിക്കുവാൻ അനുഗ്രഹം ലഭിക്കുമാറാകണമേ.

സ്വ. 1 കൃപ. 1 ത്രി

# മൂന്നാം ദിവ്യരഹസ്യം

## യേശുവിന്റെ ജനനം

പരിശുദ്ധ ദൈവമാതാവേ, നിന്റെ കന്യത്വത്തിനു ഭംഗം വരാതെ ദൈവപുത്രനെ നീ പ്രസവിച്ചതിനാൽ നിനക്കുണ്ടായ സന്തോഷത്തെ ഓർത്ത് ധ്യാനിക്കുന്ന ഞങ്ങളുടെ ഹൃദയത്തിൽ അവിടുന്ന് ആദ്ധ്യാത്മികമായവിധം ജനിക്കുവാൻ നീ ഇടയാക്കണമേ.

1 സ്വ. 10 കൃപ. 1 ത്രി

# നാലാം ദിവ്യരഹസ്യം

## യേശുവിനെ കാഴ്ച സമർപ്പിക്കുന്നു

പരിശുദ്ധ ദൈവമാതാവേ, നിന്റെ ദിവ്യപുത്രനെ ദൈവാലയത്തിൽ നീ കാഴ്ചവച്ചപ്പോൾ മഹാത്മാക്കൾ അങ്ങേ സ്തുതിക്കുന്നതുകണ്ടു നിനക്കുണ്ടായ സന്തോഷത്തെ ഓർത്ത് ധ്യാനിക്കുന്ന ഞങ്ങൾ, അങ്ങേക്ക് യോഗ്യമായ ദൈവാലയമായിത്തീരുവാൻ സംഗതിയാക്കണമേ.

സ്വ. 10 കൃപ.. 1 ത്രി

# അഞ്ചാം ദിവ്യരഹസ്യം

## യേശു ദേവാലയത്തിൽ

പരിശുദ്ധ ദൈവമാതാവേ, നിന്റെ തിരുക്കുമാരൻ പന്ത്രണ്ടാമത്തെ വയസ്സിൽ കാണാതെ പോയപ്പോൾ മൂന്നാം ദിവസം ദേവാലയത്തിൽ തർക്കിച്ചുകൊണ്ടിരിക്കയിൽ അങ്ങേ നീ കണ്ടെത്തിയതിനാൽ നിനക്കുണ്ടായ സന്തോഷത്തെ ഓർത്ത് ധ്യാനിക്കുന്ന ഞങ്ങൾ, പാപത്താൽ  ഒരിക്കലും അങ്ങേ വിട്ടുപിരിയാതിരിക്കുവാനും വിട്ടുപിരിഞ്ഞുപോയാൽ ഉടനെ അനുതാപത്താൽ കണ്ടെത്തുവാനും ഇടയാക്കണമേ.

1 സ്വ. 10 നന്മ. 1 ത്രി

II

# പ്രകാശത്തിന്റെ രഹസ്യങ്ങൾ

(വ്യാഴം)

# ഒന്നാം ദിവ്യരഹസ്യം

## യേശുവിന്റെ മാമോദീസ

നമ്മുടെ കർത്താവായ യേശുമിശിഹാ യോർദ്ദാൻ നദിയിൽ മാമ്മോദീസ സ്വീകരിച്ചപ്പോൾ പരിശുദ്ധാത്മാവ് അവിടുത്തെമേൽ എഴുന്നള്ളിവന്നതിനെയും "ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന് സ്വർഗത്തിൽ നിന്ന് അരുളപ്പാടുണ്ടായതിനെയും കുറിച്ച് ധ്യാനിക്കുക.

1 സ്വ. 10 കൃ. 1 ത്രി

# രണ്ടാം ദിവ്യരഹസ്യം

## കാനായിലെ അത്ഭുതം

നമ്മുടെ കർത്താവായ യേശുമിശിഹാ കാനായിലെ കല്യാണ വിരുന്നിൽവച്ച് തന്റെ അമ്മയായ പരിശുദ്ധ കന്യകമറിയത്തിന്റെ അപേക്ഷ സ്വീകരിച്ച് അത്ഭുതകരമായി വെള്ളം വീഞ്ഞാക്കി തന്റെ മഹത്വം വെളിപ്പെടുത്തിയതിനെക്കുറിച്ചു ധ്യാനിക്കുക.

1 സ്വ. 10 കൃപ. 1 ത്രി

# മൂന്നാം ദിവ്യരഹസ്യം

## ദൈവരാജ്യ പ്രഖ്യാപനം

നമ്മുടെ കർത്താവായ യേശുമിശിഹാ ദൈവരാജ്യത്തിന്റെ ആഗമനം അറിയിച്ചുകൊണ്ട് അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവാൻ ആഹ്വാനം ചെയ്തതിനെക്കുറിച്ചു ധ്യാനിക്കുക

1 സ്വ. 10 കൃപ. 1 ത്രി

# നാലാം ദിവ്യരഹസ്യം

## യേശുവിന്റെ രൂപാന്തരീകരണം

നമ്മുടെ കർത്താവായ യേശുമിശിഹാ താബോർമലയിൽ പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ രൂപാന്തരപ്പെട്ടതിനെയും "ഇവൻ എന്റെ പ്രിയപുത്രനാകുന്നു, ഇവനെ നിങ്ങൾ ശ്രവിക്കുവിൻ" എന്ന സ്വർഗ്ഗീയ അരുളപ്പാടു ഉണ്ടായതിനെയും കുറിച്ച് ധ്യാനിക്കുക.

1 സ്വ. 10 കൃപ. 1 ത്രി

# അഞ്ചാം ദിവ്യരഹസ്യം

## പരിശുദ്ധ കുർബാനസ്ഥാപനം

നമ്മുടെ കർത്താവായ യേശുമിശിഹാ അന്ത്യ അത്താഴവേളയിൽ നമ്മോടുള്ള സ്നേഹത്തിന്റെ ഉടമ്പടിയായി തന്റെ ശരീരരക്തങ്ങൾ പങ്കുവച്ച് നൽകുന്ന  പരിശുദ്ധ കുർബാന സ്ഥാപിച്ചതിനെക്കുറിച്ച ധ്യാനിക്കുക.

1 സ്വ. 10 കൃപ. 1 ത്രി

III

# ദുഖകരമായ ദിവ്യ രഹസ്യങ്ങൾ

**(ചൊവ്വ,വെള്ളി)**

**ചൊവ്വാ, വെള്ളി എന്നീ ദിവസങ്ങളിലും അമ്പതു നോമ്പിന്റെ ഞായറാഴ്ചകളിലും ചൊല്ലേണ്ടവ**

# ഒന്നാം ദിവ്യരഹസ്യം

## യേശു ഗെത് സമേൻ തോട്ടത്തിൽ

പരിശുദ്ധ ദൈവമാതാവേ, നിന്റെ തിരുക്കുമാരൻ പൂങ്കാവനത്തിൽ പ്രാർത്ഥിച്ചപ്പോൾ രക്തം വിയർത്തു എന്നതിനെ ധ്യാനിക്കുന്ന ഞങ്ങൾ, പാപങ്ങളെപ്പറ്റി അനുതപിച്ച് മോചനം പ്രാപിക്കുവാൻ കൃപ ലഭിക്കുമാറാകണമേ.

1 സ്വ. 10 നന്മ. 1 ത്രി

# രണ്ടാം ദിവ്യരഹസ്യം

## യേശുവിനെ ചമ്മട്ടികൊണ്ട് അടിക്കുന്നു

പരിശുദ്ധ ദൈവമാതാവേ, നിന്റെ തിരുക്കുമാരൻ കൽത്തൂണിൽ കെട്ടപ്പെട്ടു ചമ്മട്ടികളാൽ അടിക്കപ്പെട്ടതിനെ ഓർത്തു ധ്യാനിക്കുന്ന ഞങ്ങൾക്ക്, ഞങ്ങളുടെ പാപങ്ങളാൽ നേരിടുന്ന കഠിന ശിക്ഷകളെ അനുതാപത്താലും, സുകൃത ജീവിതത്താലും അകറ്റുവാൻ കൃപ ലഭിക്കുമാറാക്കണമേ.

1 സ്വ. 10 കൃപ. 1 ത്രി

# മൂന്നാം ദിവ്യരഹസ്യം

## യേശുവിനെ മുൾമുടി ധരിപ്പിക്കുന്നു

പരിശുദ്ധ ദൈവമാതാവേ, നിന്റെ തിരുക്കുമാരന്റെ തിരുത്തലയിൽ മുൾമുടി ധരിപ്പിച്ച് അങ്ങേ പരിഹാസ രാജാവാക്കിയതിനെപ്പറ്റി ധ്യാനിക്കുന്ന ഞങ്ങളുടെ ഹൃദയത്തിൽ നിന്ന് പാപമുള്ളുകളെ അനുതാപത്താൽ പിഴുതു കളയുവാൻ കൃപ ലഭിക്കുമാറാകണമേ.

1 സ്വ. 10 കൃപ. 1 ത്രി

# നാലാം ദിവ്യരഹസ്യം

## യേശു കുരിശു ചുമക്കുന്നു

പരിശുദ്ധ ദൈവമാതാവേ, നിന്റെ തിരുക്കുമാരൻ ഈശോമിശിഹാ മരണത്തിനു വിധിക്കപ്പെട്ട് ഭാരമായ കുരിശു ചുമന്നുകൊണ്ടു ഗോഗുൽത്താമലയിലേക്കു പോയതിനെ ഓർത്തു ധ്യാനിക്കുന്ന ഞങ്ങൾക്കു ദുഃഖാനർത്ഥമെന്ന കുരിശിനെ ക്ഷമാപൂർവ്വം വഹിച്ചുകൊണ്ട് അങ്ങേ അനുഗമിക്കുവാൻ കൃപ ലഭിക്കുമാറാകണമേ.

1 സ്വ. 10 കൃപ. 1 ത്രി

# അഞ്ചാം ദിവ്യരഹസ്യം

## യേശു കുരിശിൽ മരിക്കുന്നു

പരിശുദ്ധ ദൈവമാതാവേ, നിന്റെ തിരുക്കുമാരൻ ഗോഗുൽത്താ മലയിൽ നിന്റെ സന്നിധിയിൽവച്ച് ഇരുമ്പാണികളാൽ കുരിശിൽ തറക്കപ്പെട്ടതിനെ ധ്യാനിക്കുന്ന ഞങ്ങളുടെ ഹൃദയത്തിൽ, നിന്റെ ദിവ്യപുത്രന്റെ പീഢകളും നിന്റെ വ്യാകുലങ്ങളും നീ പതിച്ചരുളേണമേ..

1 സ്വ. 10 നന്മ. 1 ത്രി

# IV

# മഹത്ത്വകരമായ ദിവ്യ രഹസ്യങ്ങൾ

**(ബുധൻ, ഞായർ)**

# ഒന്നാം ദിവ്യരഹസ്യം

**യേശു മരിച്ചവരിൽനിന്ന് ഉയിർക്കുന്നു**

പരിശുദ്ധ ദൈവമാതാവേ, നിന്റെ തിരുക്കുമാരൻ പീഡകൾ സഹിച്ച് മരിച്ച് മൂന്നാം ദിവസം എന്നന്നേക്കും ജീവിക്കുന്നവനായി ഉത്ഥാനം ചെയ്തതിനെ ധ്യാനിക്കുന്ന ഞങ്ങൾക്ക് പാപമരണത്തിൽനിന്ന് എന്നന്നേക്കും  ഉയിർത്തെഴുന്നേൽക്കുവാൻ കൃപ ലഭിക്കുമാറാകണമേ.

1 സ്വ. 10 കൃപ. 1 ത്രി

# രണ്ടാം ദിവ്യരഹസ്യം

## യേശുവിന്റെ സ്വർഗ്ഗാരോഹണം

പരിശുദ്ധ ദൈവമാതാവേ, നിന്റെ തിരുക്കുമാരൻ ഉയിർത്ത് നാൽപതാം ദിവസം എത്രയും പ്രാബല്യമായി സ്വർഗ്ഗാരോഹണം ചെയ്തതിനെ ധ്യാനിക്കുന്ന ഞങ്ങൾ പരലോക കാര്യങ്ങൾ മാത്രം ആഗ്രഹിച്ചന്വേഷിച്ച്, സ്വർഗ്ഗഭാഗ്യം പ്രാപിക്കുവാൻ കൃപ ലഭിക്കുമാറാകണമേ.

1 സ്വ. 10 കൃപ. 1 ത്രി

# മൂന്നാം ദിവ്യരഹസ്യം

## പരിശുദ്ധാത്മാവിന്റെ ആഗമനം

പരിശുദ്ധ ദൈവമാതാവേ, നിന്റെ തിരുക്കുമാരൻ സ്വർഗ്ഗത്തിലേക്ക് എഴുന്നെള്ളിയതിന്റെ പത്താം നാൾ സെഹിയോൻ മാളികയിൽ ധ്യാനിച്ചിരുന്ന നിന്നിലും ശിഷ്യന്മാരിലും പരിശുദ്ധാത്മാവ് ഇറങ്ങി ആവസിച്ചു എന്നതിനെ ധ്യാനിക്കുന്ന ഞങ്ങൾക്ക് പരിശുദ്ധാത്മാവിന്റെ വരപ്രസാദത്താൽ ദൈവേഷ്ടപ്രകാരം ജീവിക്കുവാൻ കൃപ ലഭിക്കുമാറാകണമേ.

1 സ്വ. 10 നന്മ. 1 ത്രി

# നാലാം ദിവ്യരഹസ്യം

## മാതാവിന്റെ സ്വർഗ്ഗാരോപണം

പരിശുദ്ധ ദൈവമാതാവേ, നിന്റെ തിരുക്കുമാരൻ ഉയിർത്തെഴുന്നെള്ളി കുറേക്കാലം കഴിഞ്ഞപ്പോൾ നീ ഈ ലോകത്തിൽനിന്നു ദൈവദൂതന്മാരാൽ സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെട്ടു എന്നതിനെ ധ്യാനിക്കുന്ന ഞങ്ങൾക്ക് നിന്റെ സഹായത്താൽ സ്വർഗത്തിൽ വന്നു ചേരുവാൻ കൃപ ലഭിക്കുമാറാകണമേ.

1 സ്വ. 10 കൃപ. 1 ത്രി

# അഞ്ചാം ദിവ്യരഹസ്യം

## മാതാവ് ത്രിലോക രാജ്ഞിയായി മുടിധരിക്കപ്പെടുന്നു

പരിശുദ്ധ ദൈവമാതാവേ, നീ പരലോകത്തിൽ എഴുന്നള്ളിയ ഉടനെ നിന്റെ തിരുക്കുമാരൻ നിന്നെ ത്രിലോക രാജ്ഞിയായി മുടിധരിപ്പിച്ചു എന്നതിനെ ധ്യാനിക്കുന്ന ഞങ്ങൾക്ക് സ്വർഗത്തിൽ നിന്നോടുകൂടെ സന്തതം ദൈവത്തെ സ്തുതിച്ചനുഭവിക്കുവാൻ ഇടവരുത്തണമേ.

1 സ്വ. 10 കൃപ. 1 ത്രി

# സമർപ്പണം

മുഖ്യദൂതന്മാരായ വി.മിഖായേലേ, വി. ഗബ്രിയേലേ, വി.റപ്പായേലേ, ശ്ലീഹന്മാരായ മാർ പത്രോസേ, മാർ യോഹന്നാനെ, ഞങ്ങളുടെ പിതാവായ മാർ തോമ്മായെ, മഹാപാപികളായ ഞങ്ങൾ നിവർത്തിച്ച ഈ പ്രാർത്ഥനയെ നിങ്ങളുടെ സ്തുതികളോടുകൂടെ ഒരുമിച്ച് ചേർത്ത് പരിശുദ്ധ ദൈവമാതാവിന്റെ തൃപ്പാദത്തിങ്കൽ കാണിക്കയായി സമർപ്പിക്കുവാൻ നിങ്ങളോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

# പരിശുദ്ധ ദൈവമാതാവിനോടുള്ള ലുത്തിനിയാ

കർത്താവേ ! അനുഗ്രഹിക്കണമേ.
മിശിഹായേ ! അനുഗ്രഹിക്കണമേ.
കർത്താവേ ! അനുഗ്രഹിക്കണമേ.
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ..

സ്വർഗ്ഗസ്ഥ പിതാവായ ദൈവമേ !
ലോകരക്ഷിതാവായ ദൈവപുത്രാ !
പരിശുദ്ധാത്മാവായ ദൈവമേ !
ഏകദൈവമായ പരിശുദ്ധ ത്രിത്വമേ !

(ഞങ്ങളെ അനുഗ്രഹിക്കേണമേ)

പരിശുദ്ധ മറിയമേ !
തമ്പുരാന്റെ പുണ്യജനനിയെ !
കന്യകൾക്കു മകുടമാകുന്ന നിർമ്മല കന്യകയേ!
മിശിഹായുടെ മാതാവേ!
വരപ്രസാദത്തിന്റെ മാതാവേ!
എത്രയും പരിശുദ്ധയായ മാതാവേ!
അത്യന്ത വിരക്തയായ മാതാവേ!
കന്യത്വത്തിനു ഭംഗം വരാത്ത മാതാവേ!
സ്നേഹഭാജനമായ മാതാവേ!
അത്ഭുതത്തിനു വിഷയമായ മാതാവേ!
സദുപദേശത്തിന്റെ മാതാവേ!
സൃഷ്ടാവിന്റെ മാതാവേ!
രക്ഷിതാവിന്റെ മാതാവേ!
തിരുസഭയുടെ മാതാവേ!

(ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ)

എത്രയും വിവേകമുള്ള കന്യകയേ!
അതീവ സ്തുതിക്കു യോഗ്യയായ കന്യകയേ!
വല്ലഭയായ കന്യകയേ!
കരുണയുള്ള കന്യകയേ!
വിശ്വസ്തയായ കന്യകയേ!
നീതിയുടെ ദർപ്പണമേ!
ബോധജ്ഞാനത്തിന്റെ സിംഹാസനമേ !
ഞങ്ങളുടെ ആനന്ദത്തിന്റെ കാരണമേ !
ആദ്ധ്യാത്മിക പാത്രമേ !
ബഹുമാനത്തിന്റെ പാത്രമേ !
അസാമാന്യഭക്തിയുടെ പാത്രമേ !
ദിവ്യരഹസ്യം നിറഞ്ഞ പനിനീർ പുഷ്പമേ !
ദാവീദിന്റെ കോട്ടയേ!
നിർമ്മലദന്തം കൊണ്ടുള്ള കോട്ടയേ !

(ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ)

സ്വർണ്ണാലയമേ !
വാഗ്ദാനത്തിന്റെ പെട്ടകമേ !
സ്വർഗ്ഗരാജ്യത്തിന്റെ വാതിലേ !
ഉദയകാലത്തിലെ നക്ഷത്രമേ !
രോഗികളുടെ സ്വസ്ഥതയേ !
പാപികളുടെ സങ്കേതമേ !
ദുഖിതരുടെ ആശ്വാസമേ !
ക്രിസ്ത്യാനികളുടെ സഹായമേ !
മാലാഖമാരുടെ രാജ്ഞി !
പൂർവപിതാക്കന്മാരുടെ രാജ്ഞി!
ദീർഘദർശികളുടെ രാജ്ഞി !
സഹദേന്മാരുടെ രാജ്ഞി !
മൗദിയാനെൻമാരുടെയും രാജ്ഞി!
കന്യകകളുടെ രാജ്ഞി !

(ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ)

സകല വിശുദ്ധന്മാരുടെയും രാജ്ഞീ !
സ്വർഗാരോപിതയായ രാജ്ഞീ !
പരിശുദ്ധ ജപമാലയുടെ രാജ്ഞീ !
സമാധാനത്തിന്റെ രാജ്ഞീ !

(ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ)

ഭൂലോക പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടായ യേശുതമ്പുരാനേ !

**കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ.**

ഭൂലോക പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടായ യേശുതമ്പുരാനേ !

**കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ..**

ഭൂലോക പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടായ യേശുതമ്പുരാനേ !

**കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.**

സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഇതാ നിന്റെ പക്കൽ ഞങ്ങൾ അഭയം പ്രാപിക്കുന്നു. ഞങ്ങളുടെ ആവശ്യനേരത്തു ഞങ്ങളുടെ യാചന കൾ നീ നിരസിക്കരുതേ. ഭാഗ്യവതിയും അനുഗ്രഹീതയുമായ കന്യക യേ, സകല ആപത്തുകളിൽനിന്നും എപ്പോഴും ഞങ്ങളെ കാത്തുകൊള്ള ണമേ.

**തലവൻ :**

യേശുമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ..

**പ്രതിവാക്യം:**

സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

# നമുക്ക് പ്രാർത്ഥിക്കാം

കർത്താവേ, പൂർണ്ണ ഹൃദയത്തോടുകൂടെ സാഷ്ടാംഗ പ്രണാമം ചെയ്യുന്ന ഞങ്ങളെ (ഈ കുടുംബത്തെ) കടാക്ഷിച്ച് നിത്യവും കന്യകയായിരിക്കുന്ന മർത്തമറിയാമിന്റെ അപേക്ഷയാൽ സകല ശത്രുക്കളുടെ ഉപദ്രവത്തിൽനിന്നും സംരക്ഷിച്ച് കൊള്ളണമേ.

**ആമ്മീൻ**

സ്വർഗ്ഗരാജ്ഞി, കരുണയുള്ള മാതാവേ, നിനക്ക് സ്വസ്തി, ഞങ്ങളുടെ ജീവനും മാധുര്യവും ശരണവുമേ, നിനക്ക് സ്വസ്തി. പ്രവാസികളും ഹവ്വായുടെ മക്കളുമായ ഞങ്ങൾ കണ്ണുനീരിന്റെ താഴ്വരയായ ഈ ലോകത്തിൽ നിന്നു നിന്നെ വിളിക്കുന്നു. കരഞ്ഞു പ്രലപിച്ചുകൊണ്ടു നിന്റെ പക്കൽ ദീർഘനിശ്വാസം ചെയ്യുന്നു. ആകയാൽ ഞങ്ങളുടെ മദ്ധ്യസ്ഥയായ അമ്മേ, നിന്റെ കരുണയുള്ള  തൃക്കണ്ണുകളെ ഞങ്ങളുടെ നേരേ തിരിക്കേണമേ. ഹാ കൃപയും, സ്നേഹവും, മാധുര്യവും നിറഞ്ഞ കന്യക മറിയമേ,

നിന്റെ തിരുവുദരത്തിന്റെ അനുഗ്രഹീതഫലമായ യേശുമിശിഹായെ ഈ പ്രവാസ ജീവിതത്തിനുശേഷം ഞങ്ങൾക്ക് നീ കാണിക്കണമേ.

**ആമ്മീൻ.**

## നമുക്ക് പ്രാർത്ഥിക്കാം

സർവശക്തനും നിത്യനുമായ സർവ്വേശ്വരാ, ഭാഗ്യവതിയായ മറിയാമിന്റെ ആത്മാവും ശരീരവും പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ നിന്റെ ദിവ്യപുത്രന് യോഗ്യമായ ആലയമായിരിക്കുവാൻ പൂർവികമായി നീ നിശ്ചയിച്ചുവല്ലോ. ഈ ദിവ്യമാതാവിൽ സന്തോഷിക്കുന്ന ഞങ്ങൾ ഇവളുടെ അനുഗ്രഹദായകമായ അപേക്ഷയാൽ ഈ ലോകത്തിലെ സകല ആപത്തുകളിൽനിന്നും നിത്യമരണത്തിൽനിന്നും രക്ഷ പ്രാപിക്കുവാൻ കൃപ ചെയ്യണമേ. ഈ യാചനകളൊക്കെയും ഞങ്ങളുടെ കർത്താവേശുമിശിഹായെപ്രതി ഞങ്ങൾക്ക് തന്നരുളേണമേ.

**ആമ്മീൻ**

# 'എത്രയും ദയയുള്ള മാതാവേ" എന്ന പ്രാർത്ഥന

എത്രയും ദയയുള്ള മാതാവേ, നിന്റെ സങ്കേതത്തിൽ ഓടിവന്ന്, നിന്റെ സഹായം അപേക്ഷിച്ച് നിന്റെ മാദ്ധ്യസ്ഥം യാചിച്ചവരിൽ ഒരുവനെയെങ്കിലും നീ ഉപേക്ഷിച്ചതായി ലോകത്തിൽ കേട്ടിട്ടില്ല ന്നു ഓർക്കണമേ. കന്യകകളുടെ രാജ്ഞീ, ദയയുള്ള മാതാവേ, ഇപ്ര കാരമുള്ള വിശ്വാസത്താൽ ധൈര്യം പ്രാപിച്ച് നിന്റെ തൃപ്പാദത്തി ങ്കൽ ഞാൻ അടുത്തുവരുന്നു. പാപിയായ ഞാൻ നെടുവീർപ്പോടും കണ്ണുനീരോടും നിന്റെ ദയാധിക്യത്തെ പ്രതീക്ഷിച്ചുകൊണ്ട് നിന്റെ സന്നിധിയിൽ നിൽക്കുന്നു. അവതരിച്ച വചനത്തിന്റെ മാതാവേ, എന്റെ അപേക്ഷയെ നിരസിക്കാതെ ദയാപൂർവം കേട്ടരുളേണമേ.

**ആമ്മീൻ.**